(ബി) മുൻ സർക്കാർ എടുത്ത നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആണ് 11-12-1998-ൽ 3 അംഗ കമ്മീഷൻ രൂപീകരിച്ചത്. ഈ സർക്കാരിന്റെ നയവും അതു തന്നെയാണ്. ഈ നയത്തിൽ നിന്നും വ്യതിചലിക്കാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് സർക്കാർ ബഹു: സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജികൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. മേൽപ്രസ്താവിച്ച നയത്തിന് അനുസൃതമായി സർക്കാർ മനുഷ്യാവകാശ സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജസ്റ്റീസ് ആനന്ദ് കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശകൾ നടപ്പിലാക്കുവാൻ നടപടി

57 [2545] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് കൂടുതൽ അധികാരങ്ങൾ നൽകുവാനും കൂടുതൽ ജീവനക്കാരെ നിയമിച്ച് കമ്മീഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നതു സംബന്ധിച്ച് ജസ്റ്റീസ് ആനന്ദ് കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശകൾ നടപ്പിലാക്കുവാൻ എന്തു നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് മനുഷ്യാവകാശ കമ്മീഷനും ഗവൺമെന്റും തമ്മിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കമ്മീഷനിൽ ഒരു ഫീഡ് ബാക്ക് അസിസ്റ്റന്റിനെയും നിയമവകുപ്പിൽ ഒരു ഹ്യൂമൻറൈറ്റ്സ് മാനേജരെയും നിയമിക്കണമെന്ന ശുപാർശയിൻമേൽ എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മനുഷ്യാവകാശ കോടതികൾ സ്ഥാപിക്കണമെന്ന ശുപാർശ സമർപ്പിക്കുകയുണ്ടായോ; ഇതിൻമേൽ എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ചോദ്യത്തിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള വസ്തുതകളെക്കുറിച്ച് കേന്ദ്ര സർക്കാരിൽ നിന്നോ, ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ നിന്നോ, സംസ്ഥാന സർക്കാരിന് യാതൊരുവിധ നിർദ്ദേശവും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly